(ജി) മെയിന്റനൻസ് പണികളുടെ കൺസൾട്ടൻസി-

ലീ അസോസിയേറ്റ്സ് - കാനഡാ

ഐ. സി. റ്റി. - ന്യൂ ഡെൽഹി

അപ്ഗ്രഡേഷൻ - കൺസൾട്ടൻസി

RITES- New Delhi
BECA - Newzealand
WSA - Washington
BECOM - French
} Joint Venture

(എച്ച്) മെയിന്റനൻസ് കൺസൾട്ടൻസി പ്രവർത്തനത്തിനുള്ള പ്രതിഫലം

ലീ അസോസിയേറ്റ്സ് - 9090750 രൂപ

ഐ. സി. റ്റി. - 8893450 രൂപ

അപ്ഗ്രഡേഷൻ കൺസൾട്ടൻസി പ്രവർത്തനത്തിനുള്ള പ്രതിഫലം

RITES, BECA & WSA IV-106226198 രൂപ

BECOM - 104849448 രൂപ

എക്സ്പ്രസ് ഹൈവേ

41 [638] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) കുടിഒഴിപ്പിക്കൽ, പരിസ്ഥിതി പ്രശ്നം, നിർമ്മാണ സാമഗ്രികളുടെ ലഭ്യത, ഭൂമിയുടെ ലഭ്യത ഇവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ ഉണ്ടാകുന്ന സാമൂഹിക പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഏതെങ്കിലും സമിതികൾ പഠനങ്ങളോ തെളിവെടുപ്പുകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും എത്ര ഘട്ടമായിട്ടാണ് പണി നടത്തുന്നതെന്നും ആദ്യഘട്ടം എന്ന് ആരംഭിക്കുമെന്നും പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഏതെങ്കിലും കമ്പനികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അംഗങ്ങൾ ആരെല്ലാമാണ് എന്നും എത്രതവണ യോഗം നടന്നുവെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി ഇതുവരെ എന്തു തുക ചെലവായി;

(ഐ) കേരള സർക്കാർ ഈ പദ്ധതിക്കുവേണ്ടി എത്ര തുകയാണ് മുതൽ മുടക്കുന്നത്; ബാക്കി തുക എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജെ) ടോൾ പിരിവ് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(കെ) ഈ വിഷയത്തിൽ അവസാനമായി എടുത്ത തീരുമാനം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-യും (സി)-യും വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറായിവരുന്നു.

(ഡി) വിൽബർ സ്മിത്ത് അസോസിയേറ്റ്സ്, ബാംഗ്ളൂർ എന്ന കൺസൾട്ടൻസി firm-നെയാണ് പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) വിശദമായി പദ്ധതി പഠനത്തിന് ഏൽപ്പിച്ചിരിക്കുന്നു.

(എഫ്) പഠന റിപ്പോർട്ട് കിട്ടിയാലേ ഈ വക കാര്യങ്ങൾ തീരുമാനിക്കാനാകൂ.

(ജി) കേരളാ ഹൈസ്പീഡ് കോറിഡോർ കമ്പനി എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട് (24-6-2004). മുഖ്യമന്ത്രി ചെയർമാനും മരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും ധനം, റവന്യു, നിയമം, വ്യവസായം, സാമൂഹികക്ഷേമം എന്നീ വകുപ്പു മന്ത്രിമാർ അംഗങ്ങളുമാണ്. ഈ കമ്പനിയുടെ യോഗം നടന്നിട്ടില്ല.

(എച്ച്) ഈ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി മുൻ സർക്കാരിന്റെ ഭരണകാലത്ത് strategic option study-യ്ക്കുവേണ്ടി കേന്ദ്ര സർക്കാർ ഏജൻസിയായ RITES-ന് 27,56,038 രൂപയും അതിനെ തുടർന്ന് പ്രാഥമിക പഠനത്തിനുവേണ്ടി FEED BACK H & C Integrated എന്ന consulting firm-ന് 31,48,493 രൂപയും നൽകിയിട്ടുണ്ട്. തുടർന്ന് കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നും 1,03,00,000 രൂപ ചെലവാക്കി.

(ഐ & ജെ) പദ്ധതി പഠനത്തിനുശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ.

(കെ) വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ

42 [639]/ ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ;

(സി) എക്സ്പ്രസ്സ് ഹൈവേയ്ക്കുപകരം നിലവിലുള്ള ദേശീയപാതകൾ നാലുവരി പാതയാക്കാൻ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly